പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1572 — 21.3.2012-ൽ മറുപടിയ്ക്ക്

## 'വീട്ടിൽ ഒരു മാവ്' പദ്ധതി

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം: | ***ശ്രീ. കെ.പി. മോഹനൻ***<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൃഷിവകുപ്പു മുഖേന നടപ്പിൽ വരുത്തുന്ന 'വീട്ടിൽ ഒരു മാവ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) 'വീട്ടിൽ ഒരു മാവ്' എന്ന പദ്ധതി കൃഷി വകുപ്പ് നേരിട്ടു നടപ്പിലാക്കുന്നില്ല. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2011-12 -ലെ കർമ്മ പദ്ധതി പ്രകാരം 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ വിള വിസ്തൃതി വ്യാപിപ്പിക്കുന്നതിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും അനുമതി ലഭിക്കുകയുണ്ടായി. കേരളത്തിൽ മാവ് കൃഷിയ്ക്ക് അനുയോജ്യമായ തരിശ്ശ് ഭൂമി ലഭ്യമല്ലാത്തതിനാൽ വീട്ടുവളപ്പുകളിൽ മാവിൻ തൈ നട്ട് പ്രധാനമായും അവയുടെ വിസ്തൃതി വ്യാപനം, ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പു സാമ്പത്തിക വർഷത്തിൽ |

"വീട്ടിൽ ഒരു മാവ്" എന്ന പദ്ധതി നടപ്പിലാക്കുന്നു. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗ രേഖപ്രകാരം ഹെക്ടറൊന്നിന് 18000 രൂപ എന്ന നിരക്കിലാണ് ധനസഹായം നൽകുന്നത്.

| | | | |
|---|---|---|---|
| (ബി) | കോഴിക്കോട് ജില്ലയിൽ പ്രസ്തുതപദ്ധതിനടപ്പിലാ - ക്കുന്നതിനായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷത്തിലെ "വീട്ടിൽ ഒരു മാവ്" പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത്, ചക്കിട്ടപ്പാറ, കൂത്താളി, പേരാമ്പ്ര, ചെറുവണ്ണൂർ, തുറയൂർ, മേപ്പായൂർ, കീഴരിയൂർ, അരിക്കുളം, നൊച്ചാട്, എടച്ചേരി, തൂണേരി, ചെക്കിയാട്, വാണിമേൽ, നരിപ്പറ്റ, മരുതോംകര, കായക്കൊടി, നാദാപുരം, നടുവണ്ണൂർ, കോട്ടൂർ, കയണ്ണ, കൂരാച്ചുണ്ട്, പനങ്ങാട്, ബാലുശ്ശേരി, ഉള്ള്യേരി, അത്തോളി, ഉണ്ണിക്കുളംഎന്നീ പഞ്ചായത്തുകളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. |

Sushama
സെക്ഷൻ ഓഫീസർ